(ബി) എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. എന്നീ കോഴ്സുകൾ പാസായി ഇന്റേൺഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന തുക ബി.വി.എസ്.സി. പരീക്ഷ പാസായി ഇന്റേൺഷിപ്പ് ചെയ്യുന്നവർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എം.വി.എസ്.സി. കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എത്ര രൂപ സ്റ്റൈപ്പന്റായി നൽകുന്നുണ്ട്;

(ഡി) എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. എന്നീ കോഴ്സുകൾ പാസായി ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന തുക ഇവർക്കും നൽകുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ബി.വി.എസ്.സി. പരീക്ഷ പാസായി ഇന്റേൺഷിപ്പ് ചെയ്യുന്ന ഓരോ വിദ്യാർത്ഥിക്കും താഴെക്കൊടുക്കുന്ന വിധത്തിൽ ഇന്റേൺഷിപ്പ് അലവൻസ് നൽകി വരുന്നു.

സർവ്വകലാശാല വിഹിതം	:	1140 രൂപ പ്രതിമാസം (ആയിരത്തി ഒരുനൂറ്റി നാൽപ്പത് രൂപ മാത്രം)
ഐ.സി.എ.ആർ. വിഹിതം	:	400 രൂപ പ്രതിമാസം (നാനൂറ് രൂപ മാത്രം) +200 രൂപ (ഇരുനൂറ് രൂപ മാത്രം) ആറ് മാസത്തേക്ക് ട്രാവൽ ഗ്രാന്റ്.

(ബി) ഇപ്പോൾ പരിശോധനയിലില്ല.

(സി) പ്രതിമാസം 500 രൂപ (അഞ്ഞൂറ് രൂപ മാത്രം) നിരക്കിൽ ഒരു സെമസ്റ്ററിൽ (ആറു മാസം) 3000 (മൂവായിരം രൂപ മാത്രം) നൽകിവരുന്നു. സർവ്വകലാശാലാ ഫെല്ലോഷിപ്പായിട്ടാണ് ഈ തുക നൽകുന്നത്.

(ഡി) ഇപ്പോൾ പരിശോധനയിലില്ല.

കുത്തിവയ്ക്കപ്പെടുന്നതിന് തെളിവായി മൃഗങ്ങൾക്കിടുന്ന കമ്മൽ

74 [1013] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. സി. പി. മുഹമ്മദ് :
,, ലൂഡി ലൂയിസ് :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോരക്ഷ പരിപാടി പ്രകാരം വളർത്തുമൃഗങ്ങൾക്ക് കുത്തിവയ്പ് നടത്തിയതിന് തെളിവായി അവയ്ക്ക് കമ്മലിടുമോ ;

(ബി) മൃഗ സംരക്ഷണ വകുപ്പ് നടത്തുന്ന മറ്റ് പദ്ധതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ കമ്മലുകൾ സഹായിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുത്തിവയ്പ് നടത്തി കമ്മലിടുന്ന പന്നിയെ വളർത്തുന്ന കർഷകർക്ക് മൃഗ സംരക്ഷണ വകുപ്പ് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിശദമാക്കുമോ ;

(ഡി) ഇറച്ചിക്കുവേണ്ടി വളർത്തുന്ന പന്നികളെ കൊന്ന് കഴിയുമ്പോൾ അവയ്ക്കിടുന്ന കമ്മലുകളുടെ അടിസ്ഥാനത്തിൽ അവയുടെ കർഷകർക്ക് ഗുണം കിട്ടുന്നതെങ്ങനെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കമ്മൽ ഇടും.

(ബി) സഹായിക്കും.

(സി & ഡി) രോഗ പ്രതിരോധ മേഖല സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് കുത്തിവയ്പും ഇയർ ടാഗ് ഇടുന്നതും രോഗ വിമുക്തമായ പന്നിയുടെ ഇറച്ചിക്ക് വിപണി സാദ്ധ്യത കൂടുതലായിരിക്കും. കയറ്റുമതി ലക്ഷ്യമിടുമ്പോഴും ഇതിന്റെ പ്രയോജനം ഉറപ്പാകും. അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കണമെങ്കിൽ രോഗ വിമുക്ത മേഖലയാകണം. ഇതിലേക്കാണ് സംസ്ഥാന സർക്കാർ ഗോരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കുത്തിവെയ്പിനെത്തുടർന്ന് പശു മരണപ്പെട്ടത് സംബന്ധിച്ച്

75 [1014] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കുളമ്പുരോഗ നിവാരണ കുത്തിവെയ്പ് സംസ്ഥാനത്ത് പൂർത്തിയായിട്ടുണ്ടോ ;

(ബി) കുത്തിവെയ്പിനെത്തുടർന്ന് പശുക്കൾ മരണപ്പെട്ടതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(സി) തൃശ്ശൂർ ജില്ലയിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിൽ വട്ടോളി വീട്ടിൽ ശ്രീ. ഭാസ്ക്കരൻ എന്ന വ്യക്തിയുടെ പശു കുത്തിവെയ്പിനെത്തുടർന്ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 7 മാസം ഗർഭമുള്ള പശു കുത്തിവെയ്പിനെത്തുടർന്ന് മരണപ്പെട്ടതുമൂലം ശ്രീ. ഭാസ്ക്കരന്റെ കുടുംബത്തിന് വലിയ നഷ്ടമുണ്ടായി എന്നത് കണക്കിലെടുത്ത് എന്തെങ്കിലും പരിഗണന നൽകുമോ ;

(ഇ) എങ്കിൽ ഇവർക്ക് എത്ര തുകയാണ് കോമ്പൻസേഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) കോമ്പൻസേഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) പൂർത്തിയാക്കിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly